# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 527

## (29.11.2018 ലെ മറുപടിക്ക്)

## ചാത്തന്നൂർ സബ്ട്രഷറിക്ക് കെട്ടിടം

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. ജി. എസ്. ജയലാൽ (ബഹു. എം.എൽ.എ)** | **ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി)** |
| (എ) | ചാത്തന്നൂർ സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി ചാത്തന്നൂർ സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ 4.05 ആർ സ്ഥലം ധനകാര്യ വകുപ്പിന് വിട്ടു കിട്ടിയിട്ടുണ്ടോ എന്നും ആയത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ; | ചാത്തന്നൂർ സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ 4.05 ആർ സ്ഥലം G.O.(Ms) No. 430/2011/Rev dated 24.11.2011 നമ്പർ ഉത്തരവിലൂടെ ലഭ്യമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമിയിൽ ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും ഇത് സംബന്ധിച്ച പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ; | ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി G.O.(Rt) No. 5944/2018/Fin dated 12.07.2018 നമ്പർ ഉത്തരവ് പ്രകാരം ചാത്തന്നൂർ സബ്ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ചാത്തന്നൂർ സബ്ട്രഷറിയുടെ വിശദമായ പ്ലാനും എസ്റ്റിമേറ്റും, ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ നടത്തിപ്പിന് സർക്കാർ രൂപീകരിച്ച പുതിയ ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുവാനും പ്രസ്തുത ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് മുഖേന ചാത്തന്നൂർ സബ്ട്രഷറിയുടെ നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതുമാണ്. |
| (സി) | നാഷണൽ ഹൈവേ വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ട്രഷറി പ്രവർത്തിക്കുന്ന കെട്ടിടം പൊളിക്കുവാൻ സാധ്യത ഉള്ളതിനാൽ കെട്ടിട നിർമ്മാണത്തിന് അടിയന്തരമായി ഭരണാനുമതി നൽകുമോ; വിശദാംശം ലഭ്യമാക്കാമോ? | നിലവിൽ ട്രഷറി പ്രവർത്തിക്കുന്ന കെട്ടിടം ദേശീയപാത വീതി കൂട്ടുന്നതിനു വേണ്ടി പൊളിക്കേണ്ടി വരുന്ന സാഹചര്യമുണ്ടായാൽ ചാത്തന്നൂർ സബ്ട്രഷറി താൽക്കാലികമായി പ്രവർത്തിപ്പിക്കാനാവശ്യമായ ബദൽ സംവിധാനം ഏർപ്പെടുത്താനായി പഞ്ചായത്ത് അധികൃതർ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ചാത്തന്നൂർ സബ്ട്രഷറി നിർമ്മാണത്തിനായി G.O.(Rt) No. 5944/2018/Fin dated 12.07.2018 നമ്പർ ഉത്തരവ് പ്രകാരം ഇതിനോടകം ഭരണാനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ സാങ്കേതികാനുമതി കൂടി ലഭ്യമാകുന്ന മുറയ്ക്ക് ട്രഷറി കെട്ടിട നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ